## പതിമൂന്നാം കേരള നിയമ സഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 8021. 16 -07 – 2014-ൽ മറുപടിക്ക്.

### സർക്കാർ ഓഫീസുകൾ ആധുനിക വൽക്കരിക്കുന്നതിനും കമ്പ്യൂട്ടർ വത്ക്കരിക്കുന്നതിനും നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സർക്കാർ ഓഫീസുകൾ ആധുനിക വൽക്കരിക്കുന്നതിനും പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും ഈ സർക്കാർ കൈകൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം ആണെന്ന് പറയാമോ? | (എ) | സർക്കാർ ഓഫീസുകൾ ആധുനിക വൽക്കരിക്കുന്നതിന് വേണ്ടി ഈ സർക്കാരിന്റെ കാലഘട്ടത്തിൽ അതാത് വകുപ്പുകളിൽ രൂപം കൊടുത്ത, സാങ്കേതിക വിദഗ്ധർ ഉൾപ്പടെ ഉള്ളവരെ ഉൾക്കൊള്ളിച്ചു കൊണ്ട് ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും അവരുടെ നിർദ്ദേശാനുസരണം കമ്പ്യൂട്ടർവത്ക്കരണ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ മുന്നോട്ടു കൊണ്ടു പോകുകയും ചെയ്യുന്നുണ്ട്. കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ വകുപ്പുകളെയും ഒരു പൊതു നെറ്റ് വർക്കിനു കീഴിൽ കൊണ്ട് വരുകയും . എല്ലാ വകുപ്പുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ സംസ്ഥാന ഡാറ്റാ സെന്ററിൽ എത്തിച്ചു കൊണ്ട് കമ്പ്യൂട്ടർ വത്ക്കരണം നല്ല രീതിയിൽ നടപ്പിലാക്കി വരുന്നു. സർക്കാർ ഫയലുകളെ Digitize ചെയ്യാൻ ഇ-ഓഫീസ് എന്ന പേരിൽ ഒരു പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ഇത് സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിലും വിവര സാങ്കേതിക വിദ്യാ വകുപ്പിലും ആദ്യ ഘട്ടമായി നടപ്പിലാക്കി കഴിഞ്ഞു. ക്രമേണ ഇത് മറ്റു സർക്കാർ ഓഫീസുകളിലേക്കും വ്യാപിപ്പി |

| | | | |
|---|---|---|---|
| | | | ക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനു പുറമെ ദർഘാസുകൾ സുതാര്യമാക്കുന്നതിന് ഇ-ടെണ്ടർ, റവന്യൂ സർട്ടിഫിക്കറ്റുകൾക്കും ഫീ പേയ്മെന്റുകൾക്കും വേണ്ടി ഇ-ഡിസ്ട്രിക്റ്റ് എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കമ്പ്യൂട്ടർ വത്ക്കരിച്ച സർക്കാർ ഓഫീസുകളിലെ കമ്പ്യൂട്ടർ തകരാറുകൾ അടിയന്തിരമായി പരിഹരിക്കുവാനും മെമ്മറി കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനും സോഫ്റ്റ് വെയറുകൾ കാലകാലങ്ങളിൽ അപ്പ്ഡേറ്റ് ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് നിലവിലുള്ളതെന്ന് പറയാമോ; ഈ നടപടികൾ തികച്ചും പര്യാപ്തമാണോ എന്ന് പരിശോധിക്കാറുണ്ടോ; ഈ സംവിധാനം കുറ്റമറ്റതാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് പറയാമോ? | (ബി) | കമ്പ്യൂട്ടർ വത്ക്കരിക്കരിച്ച വകുപ്പുകളിലെ ഡാറ്റാ Digitize ചെയ്തു സൂക്ഷിക്കുന്ന സെർവറുകളിലെ മെമ്മറി കപ്പാസിറ്റി അതാത് കാലഘട്ടങ്ങളിൽ ഉചിതമായത് ഏത് എന്ന് കണ്ടെത്തി അതാത് വകുപ്പുകളെ അറിയിക്കുകയും ആയത് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഉള്ള അനന്തര നടപടികൾ ഉടനടി കൈ കൊള്ളുകയും ചെയ്യുന്നുണ്ട്. ഇതിൽ പ്രവർത്തിക്കുന്ന സോഫ്റ്റ് വെയറുകൾ പുതിയ സാങ്കേതിക വശങ്ങൾ കൂടി ഉൾപ്പെടുത്തികൊണ്ട് കാലകാലങ്ങളിൽ അപ്പ്ഡേറ്റ് ചെയ്യുവാൻ വകുപ്പുകൾ ശ്രമിക്കുന്നുണ്ട്. ഈ നടപടികൾ പര്യാപ്തമാണോ എന്ന് ഇടയ്ക്കിടയ്ക്ക് വിശകലനം ചെയ്ത് പോരായ്മകൾ പരിഹരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ